**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 654** **30-01-2024 - ൽ മറുപടിയ്ക്ക്**

**മേഖലാ കേന്ദ്രീകൃത വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ മേഖലാ കേന്ദ്രീകൃത വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ മേഖലാ കേന്ദ്രീകൃത വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. കിൻഫ്ര, കെ.എസ്.ഐ.ഡി.സി എന്നിവ തീം ബേസ്ഡ് പാർക്കുകൾ നടത്തുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് മേഖലകൾ കേന്ദ്രീകരിച്ച് പ്ലഗ് & പ്ലേ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് മേഖലകൾ കേന്ദ്രീകരിച്ച് പ്ലഗ് & പ്ലേ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി വ്യവസായ വാണിജ്യ വകുപ്പിൽ വിഭാവനം ചെയ്തിട്ടില്ല. എന്നാൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം നിലവിലുണ്ട്. ഇത്തരത്തിൽ 16 സ്ഥാപനങ്ങൾക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് രൂപീകരിക്കുന്നതിന് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ